"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സർക്കാർ ജീവനക്കാരുടെ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കുള്ള Medical reimbursement - ഭരണ വകുപ്പുകളുടെ സാമ്പത്തിക അധികാര പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (വ്യയം – ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.120/2025/ധന** **തീയതി, തിരുവനന്തപുരം, 03/10/2025.**

================================================================

പരാമർശം:- 1) സ.ഉ(കൈ)നം.378/2012/ആ.കു.വ. തീയതി: 07/11/2012.

2) സ.ഉ(കൈ)നം.352/2013/ആ.കു.വ. തീയതി: 07/08/2013.

3) സ.ഉ(കൈ)നം.145/2017/ആ.കു.വ. തീയതി: 06/10/2017.

4) 24/09/2022 തീയതിയിലെ 82/2022/ധന നമ്പർ പരിപത്രം.

5) സ.ഉ(അ)നം.60/2023/ധന. തീയതി : 21/06/2023.

**ഉത്തരവ്**

സൂചന 1, 2-ലെ ഉത്തരവുകൾ പ്രകാരം സർക്കാർ/സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ തുകയുടെ അർഹത തുക നിശ്ചയിക്കുന്നതിന് വകുപ്പ് മേധാവി/DMO/DHS ന് പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. സൂചന 3-ലെ ഉത്തരവ് പ്രകാരം, സർക്കാർ ആശുപത്രികളിലെ ചികിത്സാ തുകയുടെ അർഹത തുക നിശ്ചയിക്കുന്നതിന് വകുപ്പ് മേധാവി/DMO/DHS നുള്ള പരിധി ഉയർത്തി നൽകിയിട്ടുണ്ട്. തുടർന്ന് സൂചന 5-ലെ ഉത്തരവ് പ്രകാരം, സർക്കാർ അംഗീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ആരോഗ്യ വകുപ്പ് മേധാവി അംഗീകാരം നൽകുന്ന 10,000/-രൂപ വരെയുള്ള ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്യുന്നതിനുള്ള അധികാരം ഭരണ വകുപ്പുകൾക്ക് നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക അധികാര നിയോഗം ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ധനവകുപ്പിൽ അധിക ജോലിഭാരം കുറയ്ക്കുന്നതിനും പര്യാപ്തമല്ല എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സൂചന 5 പ്രകാരം ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുള്ള സാമ്പത്തിക അധികാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 1,00,000/- രൂപയായി ഉയർത്തി നിശ്ചയിക്കുന്നു.

1) ക്ലെയിമുകൾ ആരോഗ്യ വകുപ്പ് മേധാവി/ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് അംഗീകരിച്ചതായിരിക്കണം.

2) KGSMA ചട്ടങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും, മെഡിസെപ്പ് പ്രാബല്യ തീയതിയ്ക്ക് ശേഷമുള്ള അപേക്ഷകളിൽ 22/11/2024-ലെ സ.ഉ(അ)നം.100/2024/ധന നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും 24/09/2022-ലെ 82/2022/ധന നമ്പർ പരിപത്രത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുമായിരിക്കണം അപേക്ഷകൾ തീർപ്പാക്കേണ്ടത്.

3) ഈ വിഷയത്തിലുള്ള ചട്ടലംഘനങ്ങൾക്കും സർക്കാരിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും ബന്ധപ്പെട്ട അനുമതി അധികാരി വ്യക്തിപരമായി ബാധ്യതപ്പെടുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത എം.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ എല്ലാ ഭരണ വകുപ്പുകൾക്കും.
4. സെക്രട്ടറി, നിയമസഭ.
5. എല്ലാ വകുപ്പ് തലവൻമാർക്കും.
6. ഡയറക്ടർ, ട്രഷറി വകുപ്പ്.
7. നോഡൽ ഓഫീസർ, (www.finance.kerala.gov.in)
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-3227038), (ലോൺസ്-എൽ4/148/2025-ധന)

ഉത്തരവിൻ പ്രകാരം

Anitha

സെക്ഷൻ ഓഫീസർ